INDIA EVANGELICAL LUTHERAN CHURCH
(Registered under the societies Registartion Act XXI 0f 1860) & M2(D) No. 45, 17.02.2022
THIRUVANANTHAPURAM SYNOD
Off : SYNOD OFFICE, CL.H.S.S. Compound, Peroorkada, Thiruvananthapuram- 695 005

Rev. M. MOHANAN
President
Mob : 9495301605
Email : revmohananielc@gmail.com

A. PRAMODKUMAR
Secretary
Mob : 9447521141
Email : pramod1341965@gmail.com

**No. Sec/TS......................** **Date**......06/05/2023..........

# തിരുവനന്തപുരം സിനഡിന്റെ 8–ാമത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് മിനിറ്റ്സ്

**കർത്തൃനാമത്തിൽ സ്നേഹവന്ദനം!**

ക്രിസ്തുവിൽ പ്രിയരെ,

തിരുവനന്തപുരം സിനഡിന്റെ 8-ാമത്തെ എക്സ്ക്യൂട്ടീവ് മീറ്റിംഗ് 06-05-2023 ശനിയാഴ്ച രാവിലെ 10 മണിക്ക് സിനഡ് പ്രസിഡന്റ് റവ. എം.മോഹനന്റെ അദ്ധ്യക്ഷതയിൽ ടിയാന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു.19 എക്സിക്യൂട്ടീവ് അംഗങ്ങളിൽ 12 പേർ പങ്കെടുത്തു. യോഗത്തിൽ സെക്രട്ടറി നാളിതുവരെയുള്ള പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സിനഡ് ട്രഷറർ ശ്രീ. Varsus Belladson 2023 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ വരവുചെലവ് കണക്കുകൾ അവതരിപ്പിച്ചു. നീക്കിയിരിപ്പായി 82,270/- രൂപ ഉള്ളതായും അതു Bank Balance Statement ആയി താരതമ്യം ചെയ്തു. ടി തുകയിൽ 77,445/- രൂപ IOB പേരൂർക്കട ശാഖയിൽ സിനഡ് അക്കൗണ്ടിൽ ഉള്ളതായും ബാക്കി തുക ട്രഷററുടെ കൈവശം ദൈനംദിന ചെലവുകൾക്ക് ഉപയോഗിക്കുവാൻ വേണ്ടി ഉള്ളതായും അറിയിച്ചു. Bank transaction statement യോഗത്തിൽ അവതരിപ്പിച്ചു. വരവുചെലവ് കണക്കുകൾ യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. സിനഡ് പ്രവർത്തന ഫണ്ടിലേക്ക് സംഭാവന നല്കണം എന്ന അഭ്യർത്ഥനപ്രകാരം തിരുവനന്തപുരം സർക്കിളിലെ മണ്ണന്തല, ഉളിയാഴ്ത്തുറ, തുണ്ടത്തിൽ, കെപ്കി, (മണ്ണാമൂല), കാര്യവട്ടം എന്നീ സഭകളും, പൊൻവിള സർക്കിളിൽ കൽപ്പാറപ്പൊറ്റ, ചെറുവള്ളൂർ എന്നീ സഭകൾ ബാലരാമപുരം സർക്കിളിലെ മലയിൻകീഴ് സഭാംഗമായ ശ്രീ. ബാബുരാജും, ചുള്ളിമാനൂർ സഭാംഗമായ ശ്രീ. രാജൻ മാത്രമാണ് സംഭാവന നല്കിയിട്ടുള്ളത് എന്ന് ട്രഷറർ യോഗത്തെ അറിയിച്ചു. സിനഡിന്റെ പ്രവർത്തനങ്ങൾക്കായി എല്ലാ സഭകളിൽനിന്നും മിനിമം 500 രൂപയെങ്കിലും ആവശ്യപ്പെടുവാനും അതു സഭാഭാരവാഹികളെ അറിയിക്കുവാനും തീരുമാനിച്ചു.

**TDS 8.1** സ്കൂൾ മാനേജർ Prof. Dr. K.P. Laladhas അവർകൾ Spl. Invitee ആയി പങ്കെടുത്ത യോഗത്തിൽ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു. നമ്മുടെ സ്കൂൾ മാനേജുമെന്റ് Constitution Education Department ൽ നിന്നും അപ്രൂവൽ കിട്ടിയ വിവരം യോഗത്തെ അറിയിച്ചു. വിവിധ സ്കൂളുകളിൽ വളരെ അർജന്റ് ആയി ചെയ്യേണ്ട നവീകരണ പ്രവർത്തനങ്ങളെക്കുറിച്ച് മാനേജർ യോഗത്തിൽ അവതരിപ്പിക്കുകയും യോഗം ചർച്ച ചെയ്ത് ആവശ്യമായ നവീകരണ നിർമ്മാണപ്രവർത്തനങ്ങൾ മെയ് 30-ാം തീയതിക്കു മുമ്പായി പൂർത്തീകരിക്കുന്നവിധത്തിൽ ക്രമീകരിക്കാൻ മാനേജരെ ചുമതലപ്പെടുത്തി.

**TDS 8.2** ലൂഥർഗിരി സ്കൂളിന്റെ ആവശ്യത്തിനായി ഇപ്പോൾ ഉപയോഗിക്കുന്ന സ്കൂൾ ബസിന്റെ കാലാവധി 2023 ഫെബ്രുവരിമാസം കഴിഞ്ഞു എന്നും അതു 16 വർഷത്തിൽ കൂടുതലായതിനാൽ പുതിയ ബസ് വാങ്ങുവാൻ തീരുമാനിച്ചു. അതിന്റെ വിശദവിവരങ്ങൾ ശേഖരിച്ച് പഴയ ബസ് വിറ്റ് പുതിയ ബസ് വാങ്ങുവാൻ സിനഡ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, മാനേജർ എന്നിവവരെ ചുമതലപ്പെടുത്തി.

**TDS 8.3** എക്സിക്യൂട്ടീവ് മെമ്പർ ശ്രീ. ലിജുരാജ് നെടുമങ്ങാട് സെൻട്രൽ സഭയെ ഒരു പ്രത്യേക പാസ്റ്ററേറ്റ് ആയി കരുതി അതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്നു ആവശ്യം ഉന്നയിക്കുകയുണ്ടായി. സെക്രട്ടറി അതിന്റെ പ്രായോഗികത വ്യക്തമാക്കുകയും തുടർന്ന് നെടുമങ്ങാട് പാസ്റ്ററേറ്റ് ഇപ്പോഴുള്ള തത്സ്ഥിതി തുടരാൻ തീരുമാനിക്കുകയും ചെയ്തു.

**TDS 8.4** കഴിഞ്ഞ മാസം 27/04/2023, 28/04/2023 എന്നീ തീയതകളിൽ കൊടൈക്കനാലിൽ വച്ചു നടന്ന IELC Meeting ന്റെയും C.C. Meeting ന്റെയും വിശദവിവരങ്ങൾ യോഗത്തിൽ വിശദീകരിക്കുകയും, C.C.യുടെ മിനിറ്റ് ലഭിച്ചശേഷം ചർച്ച ചെയ്യാനും തീരുമാനിച്ചു.

C.C.യിൽ പുതിയ അസ്സെസുമെന്റിന്റെ മാനദണ്ഡങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും, സിനഡ് സബ്കമ്മിറ്റി സഭയുടെ റിക്കാർഡുകൾ പരിശോധിച്ച് നിർണ്ണയിച്ച തുക മാറ്റമില്ലാതെ പുതുക്കിയ അസ്സെസുമെന്റ് ആയി പുനർ നിർണ്ണയിക്കണം എന്നു ആവശ്യപ്പെട്ടുകൊണ്ട് IELC Management Committee യ്ക്ക് ലെറ്റർ അയയ്ക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**TDS 8.5** പുതിയ Transfer & Posting order പ്രകാരം എല്ലാ പാസ്റ്റർമാരും അവരുടെ സർക്കിളിൽനിന്നും relive ചെയ്തതായും ചില പാസ്റ്റർമാരുടെ ജോയിനിംഗ് റിപ്പോർട്ട് ലഭിച്ചതായും സെക്രട്ടറി യോഗത്തെ അറിയിച്ചു. എല്ലാ പാസ്റ്റർമാരുടെയും ജോയിനിംഗ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കു

ഐ.ഇ.എൽ.സി. ഭാരവാഹികൾക്കും, CBO യിലേക്ക് അയയ്ക്കുവാനും പുതിയ ശമ്പളം ലഭ്യമാകുന്നവിധത്തിൽ ലെറ്റർ അയയ്ക്കുവാനും തീരുമാനിച്ചു.

**<u>TDS 8.6</u>** ബാരാമപുരം സർക്കിളിലെ അന്തിയൂർക്കോണം പാസ്റ്ററേറ്റിൽ പ്രൊബേഷണറി പാസ്റ്റർ ആയി ജോലി നോക്കിയിരുന്ന ശ്രീ. ബിജുമോൻ ഫ്രാൻസിസ് നാളിതുവരെ (06/05/2023) പോസ്റ്റിംഗ് ഓർഡർ കൈപ്പറ്റിയില്ല എന്നുള്ള വിവരം യോഗം ചർച്ച ചെയ്യുകയും 10/05/2023 വരെ ഓർഡർ കൈപ്പറ്റിയില്ലായെങ്കിൽ Standing Committee on Mission & Stewardship Report ന്റെ അടിസ്ഥാനത്തിൽ ശക്തമായ അച്ചടക്കനടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

**<u>TDS 8.7</u>** തിരുവനന്തപുരം സിനഡിന്റെ ആഭിമുഖ്യത്തിൽ Legal Aid Cell ഉം Councelling Cell ഉം ആരംഭിക്കുവാൻ തീരുമാനിക്കുകയും അതിന്റെ നടപടികൾ സ്വീകരിക്കുവാൻ Standing Committee on Socio-Economi Development നെ ചുമതലപ്പെടുത്തി.

**<u>TDS 8.8</u>** തിരുവനന്തപുരം സിനഡിലെ പോഷകസംഘടനകളുടെ പ്രവർത്തന വിലയിരുത്തുകയും, സിനഡ് പ്രമോട്ടർമാരുടെ യോഗം 16/05/2023 ചൊവ്വാഴ്ച രാവിലെ സിനഡ് ഓഫീസിൽ വിളിക്കുവാനും നാളിതുവരെയുള്ള പ്രവർത്തന റിപ്പോർട്ടും, വരവു ചെലവ് കണക്കുകളും ശേഖരിക്കുവാനും അടുത്ത മാസത്തെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുവാനും തീരുമാനിച്ചു.

**<u>TDS 8.9</u>** 28/05/2023 "Synod Sunday School Sunday'' ആയി ആഘോഷിക്കുന്നതിനും, അന്ന് School opening നോടനുബന്ധിച്ച് ആരാധനകൾ ഇതോടൊപ്പം ക്രമീകരിക്കുവാനും, അന്നേദിവസത്തേക്ക് പ്രത്യേക ലിത്താനി തയ്യാറാക്കാനും സിനഡിന്റെ പേരിൽ എല്ലാ കുട്ടികൾക്കും ടൈംടേബിൾ കാർഡ് നല്കാനും തീരുമാനിച്ചു.

**<u>TDS 8.10</u>** മാനേജരുടെ നിർദ്ദേശപ്രകാരം സ്കൂൾ ടീച്ചർമാരുടെ മീറ്റിംഗ് 5 zone ആയി നടത്താൻ തീരുമാനിച്ചു. പൊൻവിള, ലൂഥർഗിരി, തിരുനന്തപുരം സിറ്റി, നിലമേൽ, ആലപ്പുഴ എന്നീ കേന്ദ്രങ്ങളിൽ വച്ചു നടത്താനും Standing Committee on Education, Local Manager എന്നിവർ അതിൽ പങ്കെടുക്കണമെന്നും തീരുമാനിച്ചു. അതിന്റെ ക്രമീകരണങ്ങളും അറിയിപ്പുകളും നല്കാൻ മാനേജരെ ചുമതലപ്പെടുത്തി.

**TDS 8.11** സിനഡ് ഓഫീസിന്റെ മുൻവശം റോഡ് സൈഡിൽ ഒരു വലിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ തീരുമാനിക്കുകയും അതിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നല്കാൻ ശ്രീ.എ.ആർ. ഷാജിയെ ചുമതലപ്പെടുത്തി.

**TDS 8.12** മണ്ണാമൂല സ്കൂൾ ഗ്രൗണ്ടിന്റെ സമീപമുള്ള പഴയ സ്കൂൾ കെട്ടിടം പുതുക്കി പണിയുന്നതിന് മിനിഹാൾ ആയി മാറ്റുന്നതിന്റെ നിർമ്മാണം വേഗത്തിൽ നടന്നുവരുന്നതായും ഈ മാസം തന്നെ പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കാൻ സാധിക്കും എന്നു സെക്രട്ടറി യോഗത്തെ അറിയിച്ചു.

**TDS 8.13** Synthetic Turf നിർമ്മിക്കുന്നതിലേക്ക് മുൻ തീരുമാനപ്രകാരം 3 അപേക്ഷകൾ ലഭിച്ചു എങ്കിലും അവരുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും അംഗീകരിക്കുവാൻ സാധിക്കുന്നില്ല എന്നും ആയതിനാൽ അവരുമായി നേരിട്ട് ചർച്ച നടത്തി വിശദമായ പഠനം നടത്തിയശേഷം അംഗീകരിക്കാം എന്നും യോഗം തീരുമാനിച്ചു.

**TDS 8.14** എല്ലാ ഞായറാഴ്ചയും 9pm ന് online meeting നടത്തി സിനഡിന്റെ പ്രവർത്തനത്തെ എക്സിക്യൂട്ടീവ് മെമ്പറുമായി ആശയവിനിമയം നടത്തണം എന്ന സെക്രട്ടറിയുടെ നിർദ്ദേശം യോഗം അംഗീകരിക്കുകയും അതിൻപ്രകാരം ആദ്യ മീറ്റിംഗ് 14/05/2023 ഞായറാഴ്ച 9pm നടത്തും.

വൈസ്പ്രസിഡന്റ് റവ.ജെ.മോഹൻരാജ് അവർകളുടെ പ്രാർത്ഥനയോടെയും പ്രസിഡന്റ് റവ.മോഹനൻ അവർകളുടെ ആശീർവാദത്തോടെ യോഗം 1.30 മണിക്ക് അവസാനിച്ചു.

അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് 08-07-2023 രാവിലെ ശനിയാഴ്ച രാവിലെ 10 മണിക്ക്

**Rev. M. Mohanan**
President

**A. Pramod Kumar**
Secretary